# ACCADEMIC MASTER PLAN - 2025-26

Name of school : UPS Kattampally

Sub dist : Chadayamangalam.

Edn dist : Punalur

Dist : Kollam

KATTAMPALLY UPS
PIN- 691536
THUDAYANNOOR P.O

## ഉള്ളടക്കം


| Sl No | | |
|---|---|---|
| 1 | ആമുഖം | 3 |
| 2 | ആശയങ്ങൾ | 3-4 |
| 3 | ലക്ഷ്യങ്ങൾ | 4 |
| 4 | മലയാളം | 4-8 |
| 5 | സംസ്കൃതം | 9-12 |
| 6 | അറബി | 12-15 |
| 7 | ഹിന്ദി | 16-18 |
| 8 | സോഷ്യൽസയൻസ് | 21-31 |
| 9 | ബേസിക് സയൻസ് | 32-33 |
| 10 | ഗണിതം | 33-34 |
| 11 | ഉപസംഹാരം | 35 |

## ആമുഖം

സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ
പ്രധാനമായ ലക്ഷ്യം, ഗുണമേന്മാവിദ്യാഭ്യാസം എല്ലാ കുട്ടി
കൾക്കും ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങ-
ളാക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടി
യുടെയും സമഗ്രവികസനത്തിനനുഗുണമായ പ്രവർത്തന
ങ്ങളോടൊപ്പം, ഓരോ കുട്ടിയുടെയും അറിവും കഴിവും
അതത് പ്രായത്തിനനുസൃതമായും കരികുലം വിഭാവനം
ചെയ്ത പ്രകാരവും ഘട്ടവും മികവാർന്ന തലത്തിലേക്ക്
വികസിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ സ്കൂളിലെ
മുഴുവൻ കുട്ടികളുടെയും അക്കാദമികവളർച്ച ലക്ഷ്യമാക്കി
സമഗ്രമായ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിൽ
അധ്യാപകർ ചേർന്ന് തയ്യാറാക്കുകയുണ്ടായി. വ്യക്തിഗത
വിഷയതല, ക്ലാസ്സ്തല അക്കാദമികമാസ്റ്റർ പ്ലാനുകളുടെ
ഉദ്ഗ്രഥിതരൂപം എന്ന നിലയിൽ കുട്ടികളുടെ അക്കാദമിക
മികവിനുള്ള ശരിയായ വഴികാട്ടിയാണിതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

## ആശയങ്ങൾ

മുഴുവൻ കുട്ടികളുടെയും അറിവിനെയും കഴിവി
നെയും താല്പര്യത്തെയും ഉൾക്കൊണ്ട് അവരെ മുന്നോട്ട്
നയിക്കാൻ പ്രാപ്തരാക്കുന്ന പഠനപ്രവർത്തനങ്ങൾ ഉൾക്കൊള്ളി
ച്ചാണ് മാസ്റ്റർപ്ലാനിൽ ഓരോവിഷയവും ഉൾക്കൊള്ളി
ച്ചിരിക്കുന്നത്. ഹ്രസ്വകാല, ദീർഘകാല, മധ്യമകാല
പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കാനും സാധ്യതകളുടെ
അടിസ്ഥാനത്തിൽ മാറ്റം വരുത്താനും തക്കവണ്ണമുള്ള

പ്രവർത്തനങ്ങളുടെ പ്രത്യേകത മാസ്റ്റർ പ്ലാനിൽ പ്രതിഫലിക്കുന്നു.

## ലക്ഷ്യങ്ങൾ

ഓരോ ക്ലാസ്സിലെയും കുട്ടികൾ പ്രാപ്തമാക്കേണ്ട പഠനലക്ഷ്യങ്ങൾ, ക്ലാസ്സ് നിലവാര ശേഷികൾ എന്നിവ കുട്ടികൾ നേടിയിട്ടുണ്ടോ എന്നിവ പരിശോധിക്കൽ സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായി കണ്ട്, അത്തരം പഠനപിന്തുണ പ്രവർത്തനങ്ങൾ നൽകുക എന്നതാണ് സ്കൂളിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രാഥമിക ലക്ഷ്യം. അതിനായി മികവുപരിശീലനം നേടിയ അധ്യാപകർ എന്ന നിലയിൽ മികവു പഠനാനുഭവങ്ങൾ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ അധ്യാപകർ തയ്യാറാക്കി.

ഇതിൽ പൊതുവായ പ്രവർത്തനങ്ങൾ, വിവിധതലത്തിലുള്ള പ്രവർത്തനങ്ങൾ, എന്നിവ ഉൾപ്പെടുത്തിയ പ്രവർത്തന കലണ്ടർ സജ്ജമാക്കി. ദിനാചരണങ്ങൾ ഉൾപ്പെട്ട പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തുമ്പോഴും മികച്ച പഠനപിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യത്തിന് പ്രാധാന്യം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ തലത്തിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ രൂപരേഖ ചുവടെ ക്രമീകരിച്ചിരിക്കുന്നു: അക്കാദമിക പ്രവർത്തനങ്ങൾ വിശദീകരണം എന്നിവ വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കി നൽകിയിരിക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളും വിശദീകരണവും പ്രവർത്തനപദ്ധതികളുടെ

# Academic Mater Plan - English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് കേൾക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു | **Follow Me If You Can !**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നു.<br>**Lend Your Ear :**<br>ലളിതവും രസകരവുമായ രീതിയിൽ ഒരു story അവതരിപ്പിക്കുന്നു. അതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു. ഉത്തരം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ. | ജൂൺ / ജൂലൈ |
| | **Listen and Draw :**<br>കഥകൾ ശ്രവിച്ചശേഷം, അതിനെ ചിത്രത്തിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നു. അതിനുവേണ്ട പ്രോത്സാഹനം നൽകുന്നു. | | ആഗസ്റ്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | |
|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can :<br>Story വായനാകാർഡിന്റെ രൂപത്തിൽ തയ്യാറാക്കുന്നു. വിവിധ കാർഡുകൾ ചേർത്ത് story ശരിയായ രീതിയിൽ അടുക്കി, ഭാവാത്മകമായി അവതരിപ്പിക്കുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണതയിലേക്ക്)<br>One Man show:<br>കാർഡിൽ നിന്നും കിട്ടിയ ആശയങ്ങൾ ഏകാഭിനയത്തിലൂടെ അവതരിപ്പിക്കുന്നു<br>Skit Presentation:<br>കഥയെ skit ആയി അവതരിപ്പിക്കുന്നു. കുട്ടികൾക്ക് വേണ്ട ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. | ഇംഗ്ലീഷ് അധ്യാപകർ | സെപ്റ്റംബർ<br>ജനുവരി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | കാലം |
|---|---|---|---|---|
| 3, തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplet : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ | വർഷാവസാനം | വർഷാവസാനം |
| | Alert Zone : സൂചന ബോർഡുകൾ, പോസ്റ്ററുകൾ നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് മുറികളിലുമായി പ്രദർശിപ്പിക്കുന്നു. | | സെപ്തംബർ | സെപ്തംബർ |
| | Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ആദ്യം അവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റ് കൂടാതെ എഴുതുന്നു. | | ഒക്ടോബർ | ഒക്ടോബർ |
| | ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | | നവംബർ. | നവംബർ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തുന്നു. | Fun time Funda. കടംകഥകൾ, കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. | | ഫെബ്രുവരി. |
| | Role Play : അദ്ധ്യാപകൻ കഥ പറയൽ, കഥയെഴുത്ത് തുടർന്ന് Role play, നാടകം skit എന്നിവ പാഠഭാഗവുമായി അവതരിപ്പിക്കുന്നു. | ഇംഗ്ലീഷ് അധ്യാപകർ PTA, രക്ഷിതാക്കൾ | മാർച്ച്. |

Academic Master Plan

Malayalam - 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവാദം നടത്താനും പദസമ്പത്ത് വർദ്ധനവിനും പഠിതാക്കളെ പ്രാപ്തരാക്കുക | ഒന്ന്, അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | June | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളുടെയും പദങ്ങളുടെയും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം കഴിവ് വർദ്ധിക്കുന്നു. | July | | |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുന്ന കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തൽ | **വാർത്താ ലോകത്തേക്ക്**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, തുടങ്ങിയവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു | എല്ലാ ദിവസവും. | മലയാളം അധ്യാപകർ | |
| | **വാർത്താവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് അവസരം നൽകുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം. | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| | ഓരോ മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | സംവാദം / മുഖാമുഖം<br>സാഹിത്യകാരന്മാർ, ആർട്ടിസ്റ്റുകൾ, കലാകാരന്മാർ തുടങ്ങിയവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്. മലയാളം അധ്യാപകർ | പി.ടി.എ |
| 4. മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി ആശയവും സർഗ്ഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക. ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം | മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6 കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. ആരംഭിക്കൽ | സെന്റ് മേരീസ് എഫ്.എം.<br>വിശേഷ ദിനങ്ങളും. | ആഴ്ചയിൽ ഒന്ന് | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, വിദ്യാരംഗം കലാവേദി അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ച കൃതിയുടെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒന്ന് പിരീഡ് എല്ലാ ദിവസവും | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

(൩൨) 2025-26 അക്കാദമിക മാസ്റ്റർ പ്ലാൻ (സയൻസ്) V VI VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിതസാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യപാർക്ക് ആവാസവ്യവസ്ഥ സന്ദർശനം. | അക്കാദമിക വർഷം ജൂൺ. | ശാസ്ത്രാധ്യാപിക | പിടിഎ |
| | ഇലകളുടെ വിന്യാസം ആൽബം തയ്യാറാക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ്. | ശാസ്ത്രാധ്യാപിക | രക്ഷിതാക്കൾ |
| | സസ്യങ്ങളുടെ വേരുകൾ നിരീക്ഷിച്ച് പട്ടികതയ്യാറാക്കി ഇലയുടെ വിന്യാസവും വേരും തമ്മിലുള്ള ബന്ധം കണ്ടെത്തുക. | ജൂലൈ. | ശാസ്ത്രാധ്യാപിക | സയൻസ് ക്ലബ്. |
| | കണ്ടൽക്കാട് നിരീക്ഷണം | ആഗസ്റ്റ് | | PTA |
| 2) ശുചിത്വം പാലിക്കുന്നതിനും സാംക്രമികരോഗങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുന്നതിനും. | നാടകം, സ്കിറ്റ് എന്നിവ തയ്യാറാക്കി അവതരണം, പോസ്റ്റർ തയ്യാറാക്കൽ. | ആഗസ്റ്റ് സെപ്റ്റംബർ | ശാസ്ത്രാധ്യാപിക. | രക്ഷിതാക്കൾ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 3, ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക | ശാസ്ത്ര ചുമർ നിർമ്മാണം<br>{ വാക്സിനേഷൻ ചാർട്ട് നിർമ്മാണം. Hygiene habits. } | അക്കാദമികവർഷം. | അധ്യാപിക | സയൻസ് ക്ലബ്. |
| 4) ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ശാസ്ത്ര മാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി നിർമ്മാണം<br>ICT ഉപയോഗിച്ച് നൂതനാശയങ്ങൾ വിവരിക്കൽ<br>ശാസ്ത്രകാരൻമാരുടെ ജീവചരിത്രക്കുറിപ്പ് പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമികവർഷം | അധ്യാപകർ | പി.ടി.എ. |
| 5) നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ | നിത്യജീവിതത്തിലെ ശാസ്ത്രം - നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | ആവശ്യാനുസരണം | അധ്യാപകർ | |

## UP ഗണിതം Class V, VI, VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ പഠിതാക്കൾക്കും അടിസ്ഥാന ഗണിത ക്രിയ ഉറപ്പാക്കുന്നു. | കളിരീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ---- ഉപയോഗിക്കുന്നു. | ജൂൺമാസം | ഗണിത-അധ്യാപകർ |
| ഗണിത പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ |
| വിവിധ ശേഷികളുടെ വികാസം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തുന്നു. സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ഗണിതം - ജ്യാമിതീയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ജ്യാമിതീയ പാറ്റേണുകൾ എന്നിവ ഉൾപ്പെട്ട പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു തവണ (ടെക്സ്റ്റ്ബുക്ക്, IT പുസ്തകം എന്നിവ കൂടി ഉൾപ്പെടുത്തി) | ഗണിത അധ്യാപകർ |
| ഗണിതശാസ്ത്രം പഠനം രസകരമായും വിജ്ഞാനപ്രദവും ആക്കുന്നതിന് നിത്യജീവിത പ്രവർത്തനങ്ങളും സന്ദർഭങ്ങളുമായും ബന്ധപ്പെടുത്തൽ | ഗണിത ശില്പശാല<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ. | ഗണിതക്ലബ് |

## ഉപസംഹാരം .

സ്കൂളിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിൽ പല അക്കാദമിക പ്രവർത്തനങ്ങളുടെയും ചിട്ടപ്പെടുത്തൽ കാണാനായി. അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം നടപ്പിലാക്കാവുന്ന പ്രവർത്തന പദ്ധതികൾ സ്കൂളിന്റെ ലക്ഷ്യപ്രാപ്തിക്ക് ഏറെ സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. സ്കൂൾ കലണ്ടർ, സ്കീം ഓഫ് വർക്ക് എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രവർത്തനങ്ങളുടെ ഉൾച്ചേർന്ന രൂപം തന്നെയാണ് സ്കൂൾ തല മാസ്റ്റർ പ്ലാൻ എന്നത് നിസ്സംശയം പറയാം. കൂടാതെ കുട്ടികളെ നിരന്തരം വിലയിരുത്തി മെന്ററിംഗ് സാധ്യമാകും വിധം പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്താനും ഇതിലൂടെ കഴിഞ്ഞു.

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | അങ്ങോട്ട് - കുട്ടിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് പ്രശ്നോത്തരികൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (June) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, പ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനമാക്കി ICT സാധ്യതകൾ പ്രയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം June | സാമൂഹ്യശാസ്ത്ര അധ്യാപകർ | |